# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

22/03/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1472

## കേന്ദ്ര സർക്കാരിന്റെ കാർഷിക വായ്പ-എഴുതിത്തള്ളാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ കാർഷിക വായ്പ എഴുതിത്തള്ളൽ പദ്ധതിയിൽ വൻ അഴിമതി നടന്നതായുള്ള സി. എ. ജി യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇപ്രകാരം ആനുകൂല്യം ലഭിച്ചവരുടെയും ലഭിക്കാത്തവരുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇതിന്റെ വ്യക്തമായ കണക്ക് വെളിപ്പെടുത്തുമോ; | (എ) കേന്ദ്ര സർക്കാരിന്റെ കാർഷിക വായ്പ എഴുതിത്തള്ളലും കടാശ്വാസവും പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെയും ലഭിക്കാത്തവരുടെയും വിവരങ്ങൾ സംസ്ഥാന സർക്കാർ ശേഖരിച്ചിട്ടില്ല. |
| (ബി) കാർഷിക കടാശ്വാസ കമ്മീഷന്റെ അർഹതാ ലിസ്റ്റിൽ പേരുളളതും വായ്പയെടുത്തും കൃഷി നാശം സംഭവിച്ചും അല്ലാതെയും സാമ്പത്തികമായി തകർച്ച നേരിടുന്നവരുമായ എത്ര പേർക്ക് എഴുതിത്തള്ളൽ ആനുകൂല്യം ഇനിയും ലഭിക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ; ഇതെന്തുകൊണ്ടാണെന്നു പറയാമോ; ഈ തുക എഴുതിത്തള്ളി അർഹരായവരെ കടക്കെണിയിൽ നിന്നും ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം, ആക്ട് നിലവിൽ വന്ന 18/01/2007 - നോ അതിനു മുമ്പോ കർഷകരിൽ നിന്ന് ലഭിക്കാനുള്ള കടങ്ങൾക്കാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം അനുവദിക്കുന്നത്. ഇതിനുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ നൽകുന്നതിനുള്ള നിശ്ചിത തീയതിയായ 31/05/2009 - നകം ലഭിച്ചിട്ടുള്ള 4,10,549 അപേക്ഷകളിൽ 94,079 അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്. ഓരോ അപേക്ഷയിലും ബാങ്ക് പ്രതിനിധിയേയും അപേക്ഷകരേയും നേരിട്ട് കേട്ടതിനുശേഷമാണ് കടാശ്വാസം സംബന്ധിച്ച് കമ്മീഷൻ തീരുമാനമെടുക്കുന്നത്. കുടിശ്ശികയുള്ള അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ കമ്മീഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2006 - ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിൽ കർഷകരുടെ വായ്പകൾ |

പൂർണ്ണമായും എഴുതിത്തള്ളാൻ വ്യവസ്ഥയില്ല. കടാശ്വാസം അനുവദിക്കാൻ മാത്രമേ വ്യവസ്ഥയുള്ളു. കടാശ്വാസം അനുവദിക്കുന്നതിന് കമ്മീഷൻ ശുപാർശ നൽകുന്ന മുറയ്ക്ക് സർക്കാർ തുക അനുവദിച്ചു വരുന്നുണ്ട്.

(സി) സി.എ.ജി. യുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പ എഴുതിത്തളളപ്പെട്ട അനർഹരെ കണ്ടെത്തി തുക വീണ്ടെടുക്കുവാനും അർഹതയുളളവരെ കണ്ടെത്തി ആനുകൂല്യം നൽകുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്നു വ്യക്തമാക്കാമോ?

(സി) 2008-ൽ കേന്ദ്ര സർക്കാർ നടപ്പാക്കിയ കാർഷികവായ്പ എഴുതിത്തള്ളലും കടാശ്വാസവും പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സി.എ.ജി. പരിശോധിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സി.എ.ജി.യുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിയതിന്റെ കണക്കുകൾ വീണ്ടും പരിശോധിക്കുവാനും ആനുകൂല്യങ്ങൾ നൽകിയതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനും, പദ്ധതി പ്രകാരം അർഹതയുണ്ടായിട്ടും ആനുകൂല്യം ലഭിക്കാതിരുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം നിഷേധിച്ചതിന്റെ കാരണങ്ങൾ പരിശോധിക്കുവാനും, ഭാരതീയ റിസർവ്വ് ബാങ്ക് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ